പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 844 — 08.01.2014-ൽ മറുപടിയ്ക്ക്

## മരുന്ന് വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) 1948 ലെ ഇന്ത്യൻ ഫാർമസി ആക്ടിലെ സെക്ഷൻ 42 പ്രകാരം സംസ്ഥാനത്ത് മരുന്ന് വിതരണം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത്; | (എ) സംസ്ഥാന ഫാർമസി കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും നിലവിൽ, രജിസ്ട്രേഷൻ വർഷംതോറും പുതുക്കിയിട്ടുള്ളതുമായ ഫാർമസിസ്റ്റുകൾക്കാണ് ഫാർമസി നിയമപ്രകാരം മരുന്ന വിതരണം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം. |
| (ബി) പ്രസ്തുത ആക്ടിന്റെ 42-ാം സെക്ഷൻ പ്രകാരം മരുന്നു വിതരണം നടത്തുന്നതിന് ആരോഗ്യ ഫീൽഡ് വിഭാഗം ജീവനക്കാർ, ആശാവർക്കർമാർ, അംഗൺവാടി വർക്കർമാർ എന്നിവർ ഉൾപ്പെട്ടിട്ടുണ്ടോ ; | (ബി) ഇല്ല. ഫാർമസിസ്റ്റുകളെ കൂടാതെ രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണർക്ക് അവരവരുടെ സ്വന്തം രോഗികൾക്കു മരുന്ന കൊടുക്കാനുള്ള അനുവാദം കൂടി നൽകിയിട്ടുണ്ട്. |
| (സി) ഇല്ലെങ്കിൽ നിലവിലുള്ള ഏത് ചട്ടപ്രകാരമാണ് മേൽ സൂചിപ്പിച്ച ജീവനക്കാർ മരുന്ന് വിതരണം നടത്തുന്നത്;<br><br>(ഡി) ഇത്തരം പ്രവണതകൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ? | (സി) & (ഡി) 1948 ലെ ഫാർമസി ആക്ട് സെക്ഷൻ 42 പ്രകാരം ഒരു രജിസ്റ്റേർഡ് ഫാർമസിസ്റ്റിനല്ലാതെ മരുന്ന വിതരണം നടത്താൻ അനുവാദമില്ല. നിയമലംഘനം നടത്തുന്നവർക്കെതിരെ സംസ്ഥാന ഫാർമസി കൗൺസിൽ നിയമിച്ചിട്ടുള്ള ഫാർമസി ഇൻസ്പെക്ടർമാർ നടപടി സ്വീകരിച്ചു വരുന്നു. നിയമ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എല്ലാ ജില്ലകളിലും ഫാർമസി ഇൻസ്പെക്ടർമാരെ നിയമിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.